(ബി) ഈ യൂണിയനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	..	1,418
കൊല്ലം	..	1444
പത്തനംതിട്ട	..	124
ആലപ്പുഴ	..	747
കോട്ടയം	..	732
എറണാകുളം	..	1,379
ഇടുക്കി	..	213
തൃശൂർ	..	608
പാലക്കാട്	..	304
മലപ്പുറം	..	339
കോഴിക്കോട്	..	449
കണ്ണൂർ	..	581
വയനാട്	..	73
കാസർകോട്	..	16
ആകെ	..	8,427

കർഷക തൊഴിലാളി പെൻഷൻ

91 [293] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജനുവരി മുതൽ ജൂലായ് 31 വരെ എത്ര പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര പേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചു;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1985 ജനുവരി മുതൽ ജൂലൈ 31 വരെ 12,682 പേർക്ക് പുതുതായി കർഷക തൊഴിലാളി പെൻഷൻ നൽകി.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	..	2,384
കൊല്ലം	..	1,275
പത്തനംതിട്ട	..	1,708
ആലപ്പുഴ	..	..
കോട്ടയം	..	218
ഇടുക്കി	..	801
എറണാകുളം	..	475
തൃശൂർ	..	1,436
പാലക്കാട്	..	812

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	..	1,768
കോഴിക്കോട്	..	364
വയനാട്	..	657
കണ്ണൂർ	..	389
കാസർകോട്	..	395
ആകെ	..	12,682

(സി) ഈ കാലയളവിൽ 22,923 പേർക്ക് പുതുതായി കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചു.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് താഴെ വിവരിക്കുന്നു:

തിരുവനന്തപുരം	..	2,720
കൊല്ലം	..	1,147
ആലപ്പുഴ	..	4,543
പത്തനംതിട്ട	..	1,721
കോട്ടയം	..	585
ഇടുക്കി	..	472
എറണാകുളം	..	131
തൃശ്ശൂർ	..	1,436
പാലക്കാട്	..	1,137
മലപ്പുറം	..	2,514
കോഴിക്കോട്	..	4,314
വയനാട്	..	431
കണ്ണൂർ	..	1,559
കാസർകോട്		163
ആകെ	..	22,923

കോഴിക്കോട് ജില്ലയിലെ കർഷകത്തൊഴിലാളികൾ

92 [294] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള കർഷക തൊഴിലാളികൾ എത്ര;

(ബി) കോഴിക്കോട് ജില്ലയിൽ ആകെ എത്ര കർഷകത്തൊഴിലാളികളുണ്ട്;

(സി) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ കർഷക തൊഴിലാളികളുടെ എണ്ണത്തിൽ എത്രമാത്രം (സംസ്ഥാനത്ത്) വ്യത്യാസം—വർദ്ധനവോ കുറവോ വന്നിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 5 വർഷക്കാലത്തെ എണ്ണം ഓരോവർഷവും എത്രവീതമായിരുന്നു;

(ഡി) കോഴിക്കോട് ജില്ലയിൽ കർഷക തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയതിൽ സാരമായ പിശകു പറ്റിയിട്ടുണ്ടെന്നും മുൻ വർഷങ്ങളിലുണ്ടായിരുന്നതിനേക്കാൾ എത്രയോ കുറവായിട്ടാണു കഴിഞ്ഞ വർഷം തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിരിക്കുന്നതെന്നും കണക്കിലെടുത്ത് പുതുതായി ഒരു കണക്കെടുപ്പ് നടത്തി പിശക് തിരുത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly